# ഗവൺമെന്റ് യു. പി. എസ്. കോക്കാട്

## കൊട്ടാരക്കര ഉപജില്ല



# മാസ്റ്റർപ്ലാൻ 2025-26

## ആമുഖം

കേരളം മറ്റ പല രംഗത്തെന്നപോലെ വിദ്യാഭ്യാസ രംഗത്തും ഏറെ മുന്നേറ്റം കൈവരിച്ചിട്ടുണ്ട്. സംസ്ഥാനം നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസ രംഗത്ത് അത്ഭുതപൂർവമായ ഉണർവ് സൃഷ്ടിച്ചിട്ടുണ്ട്.ശാസ്ത്രരംഗത്തും, ശാസ്ത്രസാങ്കേതിക രംഗത്തും ദ്രുതഗതിയിലുള്ള മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. എങ്കിലും വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം ഇനിയും പ്രാപ്യമാവേണ്ടതുണ്ട്. മാറിക്കൊണ്ടിരിക്കുന്ന ആഗോളക്രമമനുസരിച്ച് നമ്മുടെ കുട്ടികളെ തയാറാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി അന്തർദേശീയ നിലവാരം കൈവരിക്കുന്നതിന് വേണ്ടി കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസനയം (NEP-2020) നിലവിൽ വരുകയും. ഇതിന്റെ അടിസ്ഥാനത്തിലാണ് 2023-ൽ KCF വിഭാവനം ചെയ്ത രീതിയിലുള്ള പാഠ്യപദ്ധതി പരിഷ്കരണം നടന്നത്. പൊതുജനങ്ങളുടെയും, വിദ്യാർത്ഥികളുടെയും അഭിപ്രായങ്ങൾ തേടിയാണ് കെ.സി.എഫ് രൂപകല്പന ചെയ്തത്. കഴിഞ്ഞ പത്തുവർഷമായി വൈജ്ഞാനിക രംഗത്തും, ശാസ്ത്രസാങ്കേതിക രംഗത്തും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ പാഠ്യപദ്ധതി പരിഷ്കരണത്തിലും അനിവാര്യമാണ്. സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഇനിയങ്ങോട്ടുള്ള മുന്നേറ്റം സ്കൂളുകളിലെത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും നീതിയും, തുല്യതയും ലഭിക്കുന്ന ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതിലേക്കാവണം. ഓരോ കുട്ടിയുടെയും ഇടമായി പൊതുവിദ്യാലയങ്ങളെ വികസിപ്പിക്കാൻ കഴിയുകയും,കുട്ടികളുടെ പൊതുമികവുകൾ ഉൾക്കൊള്ളാനും അവയെ അംഗീകരിച്ച് കൂടുതൽ മികവുള്ളവരായി തീർക്കാനും സാധിക്കണം. ഇത്തരത്തിൽ KCF-ന്റെ 16 ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രഗുണമേന്മാപദ്ധതി വിഭാവനം ചെയ്യുന്ന വിദ്യാലയാന്തരീക്ഷവും അനുഭാധിഷ്ഠിതപഠനവും സൃഷ്ടിക്കുന്നതിന് അക്കാദമിക-വ്യക്തിഗത മാസ്റ്റർപ്ലാൻ മഹത്തായ പങ്ക് വഹിക്കുന്നുണ്ട്. പഠനലക്ഷ്യങ്ങളും നൈപുണികളും ഓരോ കുട്ടിയിലും എത്തിക്കുക എന്നതാണ് ഈ മാസ്റ്റർപ്ലാനിന്റെ ആത്യന്തിക ലക്ഷ്യം. അതിനനുസരിച്ച് ദീർഘ, ഹ്രസ്വകാല പരിപാടികൾ ഉൾപ്പെടുത്തിയ പുതിയ മാസ്റ്റർപ്ലാൻ താഴെ വിശദീകരിക്കുന്നു.

## ദർശനങ്ങൾ

സമൂഹപരിവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും വിദ്യാഭ്യാസ ദാർശനികർ സമൂഹത്തിൽ വന്ന മാറ്റങ്ങളെ വിദ്യാഭ്യാസ പക്ഷത്തുനിന്നുകൊണ്ട് വ്യാഖ്യാനിച്ചിട്ടുണ്ട്, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ജീവിത നൈപുണികൾ നേടുന്നതിനാവശ്യമായ ശേഷികൾ, ധാരണകൾ, മനോഭാവങ്ങൾ എന്നിവ ആർജ്ജിക്കുന്നതിലൂടെ നവലോക ക്രമത്തിലെ ഉത്തമ പൗരനാകാൻ ഓരോ വിദ്യാർത്ഥിയേയും പ്രാപ്തരാക്കുന്നതിന് വേണ്ടി എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം തുല്യതയോടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി കോക്കാട് ഗവൺമെന്റ് യു. പി. സ്കൂളിനെ ഒരു മികവിന്റെ കേന്ദ്രമാക്കി പരിവർത്തിക്കുക.

## ലക്ഷ്യങ്ങൾ

1,ഓരോ വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കണം

2,വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

3,വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും,വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും,അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

4,ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു.

5,ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് അവരെ ബോധവാന്മാരാക്കുക.

6,സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

7,ഓരോ കുട്ടിയേയും അറിഞ്ഞുകൊണ്ട് വ്യക്തിവികാസം കണക്കിലെടുത്ത് (ഒരു കുട്ടിയെ ഒരു യൂണിറ്റായി പരിഗണിച്ച് ) കുട്ടിയുടെ സർവ്വതോൻമുഖമായ വികസനം ലക്ഷ്യമാക്കി വൈജ്ഞാനിക, ഭാഷ, വൈകാരിക, സർഗ്ഗാത്മക, സാമൂഹിക, ശാരിരിക ചാലക വികാസമേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് സമഗ്രാസൂത്രണവും പാഠാസൂത്രണവും ഫലപ്രദമായി നടപ്പിലാക്കുക.

8,സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി സ്കൂൾ പശ്ചാത്തല ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുക (ആധുനിക ക്ലാസ്റൂം, ലൈബ്രറി, ലാബ് , കംപ്യൂട്ടർ, കളിസ്ഥലം, കളിയുപകരണങ്ങൾ....) തുടങ്ങിയവ വികസിപ്പിക്കുക.

9,ഐ.സി.ടി ആധുനിക സാങ്കേതിക വിദ്യകൾ,ഡിജിറ്റൽ സാധ്യതകൾ തുടങ്ങിയവയുടെ സഹായത്താൽ മിശ്രപഠനം (Blended learning) നടത്തി അവസര സമത്വത്തിൽ അധിഷ്ഠിതമായി എല്ലാവർക്കും തുല്യതയോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുക.

10,ശിശുസൗഹൃദവും പരിസ്ഥിതി സൗഹൃദവുമായി പഠനാന്തരീക്ഷം ഒരുക്കുകയും ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ആഗോള മത്സരക്ഷമതയുള്ള ഉത്തമ പൗരന്മാരുള്ള മാതൃകാ സമൂഹത്തെ വാർത്തെടുക്കുകയും ചെയ്യുക.

11,ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ജീവിത നൈപുണികൾ (21 st Century life skills)നേടാൻ ഉതകുന്ന വിധം സ്കൂളിലെ ഓരോ കുട്ടിയേയും പാഠ്യപദ്ധതി മുന്നോട്ട് വയ്ക്കുന്ന ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ എന്നിവ ആർജ്ജിക്കുവാൻ പ്രാപ്തരാക്കുക.

12,നിരന്തര മൂല്യനിർണ്ണയത്തിലൂടെ ഓരോ കുട്ടിയും (CWSN) പാർശ്വവൽകൃത സാമൂഹിക വിഭാഗത്തിൽപ്പെടുന്ന കുട്ടികൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികകൾ എന്നിവർക്ക് പ്രത്യേകം കൈത്താങ്ങ് നൽകുംവിധം (Inclusive

ചെയ്യുക.

13,നിരന്തരമൂല്യനിർണ്ണയത്തിലൂടെ ഓരോ കുട്ടിയും Minimum level learning നേടുന്നുണ്ടോഎന്ന് വിലയിരുത്തി ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുന്നു.

14,ഓരോകുട്ടിയിലും അന്തർലീനമായ സഹജവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനായി (Talent searching and nurturing unique potentiality)Individual mentorship നടത്തി സർഗ്ഗാത്മകശേഷി, സാഹിത്യാഭിരുചികൾ കലാകായിക പരിശീലനം,അവതരണശേഷി തുടങ്ങിയവ ഉൾപ്പെടുത്തി പെർഫോമൻസ് ബേസ്ഡ്പഠനാന്തരീക്ഷത്തിലൂടെ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റീസ് വികസിപ്പിക്കുന്നു.

15,വായനാശീലം, പ്രക്രിയാശേഷികൾ, ശാസ്ത്രീയ മനോഭാവം, പരിസ്ഥിതി സൗഹൃദം,ഭരണഘടനാ മൂല്യങ്ങളോടുള്ള പ്രതിബദ്ധത,ധാർമ്മിക മൂല്യങ്ങൾ, ജനാധിപത്യബോധം,സഹിഷ്ണുത തുടങ്ങി മൂല്യാധിഷ്ഠിത മനോഭാവം കുട്ടികളിൽ വളർത്തുന്നതിലൂടെ നവസാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുക.

16,ശിശുമനഃശാസ്ത്ര സമീപനത്തിലൂടെ കുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

17,ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശിൽപശാലകൾ, വിദഗ്ദ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

18,തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.

19,കുട്ടികൾക്കായി ഗൈഡൻസ് , കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.

20,കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.

21,ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

22,കുട്ടികളിൽ കായികക്ഷമതപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ രിതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.

23,എല്ലാ കുട്ടികൾക്കും എഴുത്തിലും വായനയിലും പ്രാവീണ്യം നേടിക്കൊടുക്കുക.

24,പ്രശ്നങ്ങളെയും വെല്ലുവിളികളേയും നേരിടാനുള്ള വിദ്യാഭ്യാസം നൽകുക.

25,ശാസ്ത്രീയ മൂല്യനിർണ്ണയ രീതികൾ പരിഷ്കരിക്കുക.

26,സമൂഹവുമായുള്ള പങ്കാളിത്തം ഉറപ്പ് വരുത്തുക, ക്യാമ്പയിൻ നടത്തുക.

27,കുട്ടികളുടെ ഭവനസന്ദർശനം നടത്തി ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുക.

28,കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രത്യേകം ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക സ്കൂളുകളുടെ മുന്നേറ്റത്തിനായി സോഷ്യൽമീഡിയ പ്രയോജനപ്പെടുത്തുക .

29,പഠനോത്സവം,രക്ഷിതാക്കളിലും,സമൂഹത്തിലും എത്തിക്കുക, കുട്ടി നേടിയ ശേഷികളെ വിലയിരുത്തുക.

30,തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.

31,കുട്ടിക്കാവശ്യമായ പഠനപിന്തുണ നൽകുക.

32,നിയമങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക, റോഡ് സുരക്ഷ,സോഷ്യൽ മീഡിയ അപകട സാധ്യത മനസ്സിലാക്കിക്കൊടുക്കുക.

33,സ്വയം വിലയിരുത്തൽ രേഖപ്പെടുത്തൽ എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കുക

## അവസ്ഥാപഠനം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെട്ടിക്കവല പഞ്ചായത്തിൽപ്പെട്ട *കോക്കാട് ഗവൺമെന്റ് യു.പി.സ്കൂൾ* സ്ഥാപിക്കപ്പെട്ടിട്ട് മുപ്പത് സംവത്സരങ്ങൾ പിന്നിടുകയാണ്. 1986-ൽ സ്ഥാപിക്കപ്പെട്ട ഈ സരസ്വതിക്ഷേത്രം ഒരു ഗ്രാമീണ ജനതയുടെ ജീവിതാഭിലാഷത്തിന്റെ ആശയ സഫലീകരണമാണ്. സാധാരണ- ക്കാരുടെ മക്കൾ പഠിക്കുന്ന തികച്ചും ഗ്രാമാന്തരീക്ഷത്തിൽ നിലനിൽക്കുന്ന ഈ സ്കൂൾ വിജ്ഞാനത്തിന്റെ വെളിച്ചം വിതറി നാടിന്റെ തിലകക്കുറിയായി ബഹുമുഖ പ്രതിഭകളെ സംഭാവന ചെയ്ത് നിലകൊള്ളുന്നു. ആത്മാർത്ഥതയോടും അർപ്പണബോധത്തോടും വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക രാഷ്ട്രീയ കലാ രംഗങ്ങളിൽ പ്രമുഖ സ്ഥാനങ്ങൾ അലങ്കരിക്കുന്ന പൂർവ്വ വിദ്യാർത്ഥികളെ സംഭാവന ചെയ്യാൻ ഈ പൊതുസ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. മുപ്പത് സംവത്സരങ്ങൾക്ക് മുമ്പ് വിദ്യാഭ്യാസം ഒരു മരീചികയായിരുന്ന കാലഘട്ടത്തിൽ കേവലം നാലോ അഞ്ചോ കുട്ടികളുമായി ഒരു ഡിവിഷനോട് കൂടി ആരംഭിച്ച വിദ്യാലയമാണിത്. 1.50 ഏക്കർ സ്ഥലം സ്കൂളിന് സ്വന്തമായുണ്ട്. 120 അടി സ്കൂൾ കെട്ടിടവും സ്കൂളിൽ നിന്ന് അല്പദൂരമുള്ള പൂർത്തിയാകാത്ത ഒരു കളിസ്ഥലവും മാത്രമാണ് സ്കൂളിനുള്ളത്. ഒരു നാടിന്റെ വികസനത്തെ ഉത്തുംഗശൃംഘലങ്ങളിൽ എത്തിച്ച കോക്കാട് ഗവൺമെന്റ് യു.പി. സ്കൂൾ ഇന്ന് കലാ കായിക സാംസ്കാരിക രംഗങ്ങളിലും ശാസ്ത്രമേളകളിലും കലോത്സവങ്ങളിലും വിദ്യാഭ്യാസ ജില്ലയിലെ മുൻനിര സ്ഥാനം അലങ്കരിക്കുന്ന സ്കൂളുകളിൽ ഒന്നാണ് എന്ന് അഭിമാനപൂർവ്വം എടുത്ത് പറയത്തക്ക ഒന്നാണ്.പാഠ്യപഠ്യേതര പ്രവർത്തനങ്ങളുടെ മികവിനൊപ്പം മത്സരപരീക്ഷകളിലും ഈ മഹത് വിദ്യാലയം ഏൽക്കുന്ന വെളിച്ചം അളവറ്റതാണ്. കാലപ്പഴക്കം ചെന്ന ഈ സ്കൂളിന്റെ ശോചനീയാവസ്ഥ പലതവണ അധികാരികളെ ബോധ്യപ്പെടുത്തുകയും, പൊതുവിദ്യാലയം സ്മാർട്ട് ക്ലാസ്റൂമുകളോട് കൂടിയത് എന്ന വാദം നിലനിൽക്കെ നിരന്തര പരിശ്രമത്തിന്റെ ഫലമായി 2020-21 പൊതുവിദ്യാഭ്യാസവകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും ബഹുമാനപ്പെട്ട പത്തനാപുരം MLA, *ശ്രീ ഗണേഷ്കുമാറിന്റെ* ശുപാർശ പ്രകാരം*70* ലക്ഷം രൂപ അനുവദിക്കുകയും"2023-മെയ്" മാസം മൂന്ന് ക്ലാസ്റൂം അടങ്ങിയ കോൺക്രീറ്റ്

കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും, 2025 മാർച്ച് മാസം 15 ന് ആരാധ്യനായ പൊതു *ഗതാഗതവകുപ്പ് മന്ത്രി കെ. ബി. ഗണേഷ്കുമാർ* കെട്ടിടം *ഉദ്ഘാടനം* ചെയ്ത് സ്കൂളിന് സമർപ്പിച്ചു. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിന് സ്കൂൾ ഏറ്റെടുത്ത് നടത്തിയ തനത് പ്രവർത്തനം ഈ സ്കൂളിന്റെ 2019-ലെ മികവിന് കാരണമായി. ശാസ്ത്രപാർക്കിന്റെ ഇലക്ട്രിക്കൽ വർക്കിന് വെട്ടിക്കവല പഞ്ചായത്തിൽ നിന്നുള്ള സഹായം സ്കൂളിന് ലഭിച്ചിട്ടുണ്ട്. 2020-21 അധ്യയന വർഷത്തിൽ SSK ഫണ്ടിൽ നിന്ന് കുടിവെള്ള പദ്ധതി, മഴവെള്ള സംഭരണി എന്നിവയ്ക്കുള്ള ധനസഹായം സ്കൂളിന് ലഭിക്കുകയുണ്ടായി.മഴവെള്ളസംഭരണി ഇന്നും ഉപയോഗപ്രദമാണ്. 2021-22 വർഷത്തിൽ പഞ്ചായത്തിൽനിന്ന് സ്കൂൾ അടുക്കളയ്ക്കുള്ള ധനസഹായം ലഭിക്കുകയും പണി പൂർത്തീകരിക്കുകയും അതിന്റെ ഉദ്ഘാടനം 03/ 10/ 2024 ൽ വെട്ടിക്കവല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് *ശ്രീ. അസീസ് തലച്ചിറ* നിർവ്വഹിച്ചു. സ്കൂളിന്റെ ഗേറ്റ് നിർമ്മാണം 2025-ൽ *ഷിബു വെഞ്ചേമ്പിന്റെ* സ്പോൺസർഷിപ്പിൽ പൂർത്തീകരിക്കാൻ കഴിഞ്ഞു. നിരവധി നേട്ടങ്ങളുടെ ഈറ്റില്ലമാണ് ഗവ.യു.പി എസ്. കോക്കാട്.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

### *അക്കാദമികം*

1,മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2,പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും,ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.

3,പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

4,റിസോഴ്സ് അധ്യാപകരുടെ കുറവ്.

5,ക്ലാസ്സ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാകുന്നില്ല.

6,കുട്ടികൾക്കാവശ്യമായ ഗൈഡൈൻസ്/ കൗൺസിലിംഗ് നൽകാനാവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.

7,എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും,ശേഷികളും നേടാൻ കഴിയുന്നില്ല.

8,ശാസ്ത്രമനോഭാവം എല്ലാ കുട്ടികളിലും വികസിക്കുന്നതിൽ പരിമിതിയുണ്ട്.

9, പഠനപ്രവർത്തനങ്ങളുടെ ബാഹുല്യംഅധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ പഠനസമയത്തിന്റെ കുറവ് ഐ.സി.ടി ആസൂത്രണത്തിലെ പരിമിതി എന്നിവ പഠനനേട്ടം ഉറപ്പ് വരുത്തുന്നതിൽ തടസ്സമാവുന്നു.

10,സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കാൻ കഴിയുന്നില്ല.

11,കുട്ടികൾക്ക് സ്വയം പ്രശ്നപരിഹാരത്തിന്റെ ഭാഗമായി പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാൻ കഴിയുന്നില്ല.

12,വൈവിധ്യമാർന്ന ക്ലാസ്റൂം പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിയുന്നില്ല.

ഭൗതികം

1,റിസോഴ്സ് റൂമുകളുടെ അഭാവം.

2,ഭൂമിശാസ്ത്രപരമായ ഘടന.

3,ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല.

4,ഭാഷാലാബ് പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

5,കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴുംലഭ്യമാക്കാൻ സാധിക്കുന്നില്ല.

6,കളിയുപകരണങ്ങൾ, ഡൈനിംഗ് റൂം, ഓപ്പൺ ഓഡിറ്റോറിയം,

7,കംപ്യൂട്ടറുകളുടെ ലഭ്യതക്കുറവ്

8,ടോയ്‌ലറ്റുകളുടെ പരിമിതികൾ

## സാമൂഹികം

1,ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹികപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.

2, വിദ്യാലയത്തിന്റെ അക്കാദമികവും, ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും
പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹിക പങ്കാളിത്തം വളരെ കുറവാണ്.

3,പൂർവ്വ വിദ്യാർത്ഥി സംഘടന പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, പി.ടി,എ,എന്നീ സംഘടനകൾ ഫലപ്രദമായ രീതിയിൽ ഇടപെടുന്നതിനുള്ള അഭാവം. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

## അധ്യാപകർ

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന ഒരു സംഘം മികച്ച അധ്യാപകർ ഈ സ്ഥാപനത്തിന്റെ മുതൽക്കൂട്ടാണ് . പാഠ്യപദ്ധതി ചട്ടക്കൂടിൽ നിന്ന് തന്നെ ഗവേഷണബുദ്ധ്യാ ആധുനിക പഠനബോധന തന്ത്രങ്ങളെ സമഗ്രാസൂത്രണത്തിലും, പാഠാസൂത്രണത്തിലും ഉൾച്ചേർക്കുകയും സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷത്തിൽ ആവശ്യമായ പഠന സമാഗ്രഹികളുടെ സഹായത്തോടെ ഫലപ്രദമായ പാഠ്യപദ്ധതിവിനിമയം നടപ്പിലാക്കുന്നുണ്ട്. ഊഷ്മളമായഅധ്യാപക രക്ഷാകർതൃബന്ധവും സാമൂഹിക പിന്തുണയും മെച്ചപ്പെട്ട പഠനത്തിന് പിൻബലമാകുന്നു. കുട്ടികളോടുള്ള അധ്യാപകരുടെ സമീപനം വിദ്യാലയാന്തരീക്ഷം സുഗമമാക്കാൻ സഹായിക്കുന്നു.

| ക്രമ. | മേഖല | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പ-ത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ഭാഷാവികാസ മേഖല | അക്ഷരചങ്ങാത്തം | | | | |
| | മികച്ച വായനക്കാരനാക്കുക | അക്ഷരക്കാർഡ് | ജൂൺ– മാർച്ച് | രജിത ജി പി | 2000 | |
| | | അക്ഷരം ഉറപ്പിക്കൽ | | | | |
| | | പദകാർഡ് – ചിഹ്നം ഉറപ്പിക്കൽ | ജൂൺ – ഫെബ്രുവരി | | | |
| | | മലയാളത്തിളക്കം | | | | |
| | | വ്യത്യസ്ത സാഹിത്യതലങ്ങൾ പരിചയപ്പെടുന്നതിന് | | | | |
| | | വ്യത്യസ്ത സാഹിത്യതലങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി | ആഗസ്റ്റ് – മാർച്ച് | ഷീജ വി പി | | |
| | | ക്യാമ്പുകൾ സംഘടിപ്പിക്കുക | | | | |
| | | വായനമൂല | | | | |
| | | പ്രാദേശികവും അല്ലാത്തതുമായ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | കലാകാരന്മാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സ്കൂൾതല ക്യാമ്പ്<br><br>ഭാഷാ ലാബ് തയ്യാറാക്കുക<br><br>ചിത്രവായന<br><br>പാട്ട് മേള<br><br>കഥാകഥനം<br><br>ആസ്വാദനകുറിപ്പ്<br><br>വായനക്കുറിപ്പ്<br><br>വായിച്ചുവളരാം ലോകത്തെ അറിയാം<br><br>പത്രവായന<br><br>പത്രക്വിസ്<br><br>ലൈബ്രറി റീഡർ<br><br>സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തൽ<br><br>നാട്ടിലെ ഗ്രന്ഥശാലയിൽ അംഗത്വം | | രജിത ജി പി | 5000 | |

| | | | | | | |
|---|---|---|---|---|---|---|
| 2 | നല്ല ലേഖകൻ | എന്റെ വായന കുറിപ്പ്<br>വീട്ടിലൊരു ലൈബ്രറി<br>അമ്മവായന<br>കുട്ടിവായന<br>കയ്യെഴുത്ത്<br>വാക്യനിർമ്മാണം<br>ആസ്വാദനക്കുറിപ്പ്<br>അടിക്കുറിപ്പ്<br>കഥ , കവിതാപൂരണം<br>യാത്രാവിവരണം<br>ഡയറി എഴുത്ത്<br>പതിപ്പ് തയ്യാറാക്കൽ | | രക്ഷിതാക്കൾ<br>കുട്ടികൾ | | |

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• (HS വിഭാഗത്തിലെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളിൽ PRE-TEST നടത്തി,മുകളിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കാം) | JUNE to AUGUST | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

Downloaded From: https://textbooksall.blogspot.com/



| | | | | | |
|---|---|---|---|---|---|
| 3 | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. (സുരീലി ഹിന്ദി) | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

Edit with WPS Office

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അദ്ധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അദ്ധ്യാപിക |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Edit with WPS Office

| | | | | | | |
|---|---|---|---|---|---|---|
| 5 | <u>English</u> | Spoken English<br><br>Story telling<br><br>Picture reading<br><br>Describing things<br><br>Pictures....<br><br>Making riddles<br><br>Notice and Poster preparation<br><br>News reading<br><br>Language assembly in regular intervels | June - March | Sambh uraj | 3000 | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I.Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

| | | | | | | |
|---|---|---|---|---|---|---|
| 6 | <u>വൈജ്ഞാനികവികാസമേഖല</u><br><br>Little Scientist<br><br>ശാസ്ത്രാഭിരുചിവളർത്തുന്നു | ശാസ്ത്രലാബ് സജ്ജമാക്കൽ<br><br>ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നഉപകരണങ്ങൾസൂക്ഷ്മതയോടെയും കൃത്യതയോടെയും കൈകാര്യംചെയ്യുന്ന പരീക്ഷണശിൽപശാല<br><br>ശാസ്ത്രലാബ് വിപുലീകരിക്കൽ<br><br>ജൈവ വൈവിധ്യപാർക്ക് ശാസ്ത്രജ്ഞന്മാരെ അറിയുകയും അവരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കലും<br><br>ക്ലാസ്റൂമിൽ ശാസ്ത്രമൂല രൂപീകരിക്കൽ<br><br>എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം<br><br>ഔഷധത്തോട്ടം നിർമ്മാണം<br><br>ഇ –മാലിന്യം ബോധവൽക്കരണ ക്ലാസ്<br><br>ശാസ്ത്ര പ്രോജക്ട് ഏറ്റെടുക്കൽ<br><br>ആരോഗ്യവിദ്യാഭ്യാസം ലഹരിവസ്തുക്കളുടെ ഉപയോഗം ബോധവൽക്കരണ ക്ലാസ്<br>ശാസ്ത്രോത്സവം | ജൂൺ - മാർച്ച് | Sheeja V P | 5000 | |

| | | | | | | |
|---|---|---|---|---|---|---|
| | സർഗ്ഗാത്മകവുംസൗന്ദര്യാത്മകവുമായ വികാസമേഖല | എഴുത്തു പുര വിദ്യാരംഗം<br><br>കഥാശിൽപശാല<br><br>കവിതാ ശിൽപശാല<br><br>കുട്ടിക്കവിയരങ്ങ്<br><br>കഥയിടം<br><br>ക്ളാസ് മാഗസിൻ<br><br>ഡിജിറ്റൽ മാഗസിൻ<br><br>സ്കൂൾ മാഗസിൻ<br><br>വിദ്യാരംഗം സർഗ്ഗമേള<br><br>പാട്ട് കൂട്ടം<br><br>നാടൻപാട്ട് മേള<br><br>കടങ്കഥ<br><br>കഥാകഥനം | June-March | | 7000 | |

| | | | | | | |
|---|---|---|---|---|---|---|
| 8 | Easy Maths | സംഖ്യാബോധം വളർത്തൽ<br><br>സ്ഥാനവില പോക്കറ്റ്<br><br>അബാക്കസ്<br><br>ഗണിത ലാബ് സജ്ജമാക്കൽ<br><br>ICT അധിഷ്ഠിത വിദ്യാഭ്യാസം<br><br>(Geogebra, Physio Game...)<br><br>ഗണിതകിറ്റ് രൂപീകരണം<br><br>ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br><br>ഗണിതമൂല<br><br>ഗണിത ക്വിസ്<br><br>ഉല്ലാസഗണിതം<br><br>ഗണിത വിജയം<br><br>ഗണിതവർക്ഷോപ്പ്<br><br>ഗണിത പാറ്റേൺ<br><br>ഗണിതോത്സവം | ജൂൺ - മാർച്ച് | Sheeja V P | | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

| | | | | | | |
|---|---|---|---|---|---|---|
| 10 | <u>സാമൂഹിക മേഖല</u> | ജൂനിയർ സിറ്റിസൺ | ജൂൺ - മാർച്ച് | Sambhuraj | 5000 | |
| | | ഭരണഘടനയെ അറിയാം | | | | |
| | | ബോധവൽക്കരണ ക്ലാസ് | | | | |
| | | മൗലിക അവകാശങ്ങൾ കടമകൾ,ഭേദഗതികൾ | | | | |
| | **സാമൂഹിക ശാസ്ത്രം** | ഭരണഘടനാ ക്വിസ് | | | | |
| | | ഭരണഘടനാ പതിപ്പ് പ്രദർശനം | | | | |
| | | 1,സാമൂഹിക മേഖല നാടിന്റെ പ്രശ്നങ്ങൾ | | | | |
| | | പ്രാദേശിക വാർത്തകൾ ശേഖരിച്ച് സമൂഹത്തെ ബാധിക്കുന്ന പ്രശ്നങ്ങൾ ലിസ്റ്റ്ചെയ്യൽ | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 2,നാടിന് പിന്നിൽ (ചരിത്രം കണ്ടെത്തൽ )<br><br>ചരിത്രകാരന്മാരെ അറിയൽ<br><br>അവരുടെ ചിത്രങ്ങൾ ശേഖരിക്കൽ<br><br>3,ഫീൽഡ് ട്രിപ്പ്<br><br>4,ICT അധിഷ്ഠിത വിദ്യാഭ്യാസം<br><br>5,ബാലസഭ<br><br>6,സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജമാക്കൽ<br><br>(ഭൂപടം,അറ്റ്ലസ് , ഗ്ലോബ് ,നാണയങ്ങൾ..) | ജൂൺ - മാർച്ച് | | | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്** സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്** അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip** ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്** ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച** ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു.. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | | |
|---|---|---|---|---|---|---|
| 12 | <u>വൈകാരിക വികാസ മേഖല</u> | 1 ,പച്ചക്കറി കൃഷി<br>2, ഔഷധത്തോട്ടം<br>3, ശലഭപാർക്ക്<br>4, ഡ്രൈഡേ–എവരി ഡേ<br>5,എന്റെ മരം<br>**Celebrate the day (21 st century learning skills through day celebration)**<br>പ്രധാനപ്പെട്ട ദിനങ്ങൾ ആചരിക്കൽ<br>പോസ്റ്റർനിർമ്മാണം,<br>പ്ലക്കാർഡ് , പ്രസംഗം,<br>പാട്ട് , വീഡിയോ<br>പ്രദർശനം,പതിപ്പ് ,ക്വിസ് | | | | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# അവസ്ഥാപഠനം

| മേഖല | പ്രശ്നങ്ങൾ | അവസ്ഥാപഠനം | | | കാരണങ്ങൾ |
|---|---|---|---|---|---|
| | | ലഘുതരം | ഗുരുതരം | തീവ്രതരം | |
| | സ്വന്തം ആശയങ്ങൾ വ്യക്തതയോടെ പ്രകടിപ്പിക്കാൻ കഴിയുന്നില്ല. | ലഘുതരം | | | നല്ല ഭാഷാരൂപങ്ങൾ കേൾക്കുന്നതിനുള്ള അവസരക്കുറവ് |
| | വായനയിലെ പോരായ്മ | | ഗുരുതരം | | ചിഹ്നങ്ങളും കൂട്ടക്ഷരങ്ങളും തിരിച്ചറിയുന്നില്ല. ഓരോ കുട്ടിയുടെയും നിലവാരത്തിനനുസരിച്ചുള്ള വായനസാമഗ്രികൾ കുട്ടികളിൽ എത്തിക്കാൻ കഴിഞ്ഞില്ല. ക്ലാസ്ലൈബ്രറി സജ്ജമാക്കാത്തത്. |
| ഭാഷ | വാക്യരൂപീകരണത്തിന് പ്രയാസം നേരിടുന്നു. | | ഗുരുതരം | | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറക്കാത്തതിനാൽ പദങ്ങളും വാക്യങ്ങളും രൂപീകരിക്കാൻ കഴിയാത്ത അവസ്ഥ. |
| | വിവിധ സാഹിത്യരൂപങ്ങൾ പരിചയപെടുന്നതിൽ പോരായ്മനേരിട്ടു . | | ഗുരുതരം | | പഠന പ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ ,ഐസിടി സാധ്യത എന്നിവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. |
| | സർഗാത്മ കഴിവുകൾ പരിപോഷിപ്പിക്കാൻ കഴിഞ്ഞില്ല . | | | | ക്ലാസ്മുറികളിൽ സർഗാത്മക പ്രവർത്തനങ്ങൾക്കുള്ള അവസരക്കുറവ് . കുട്ടികൾക്ക് ഭാഷാപഠനത്തിൽ താല്പര്യമില്ലായ്മ |


| | | | |
|---|---|---|---|
| | | | കുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾ രക്ഷിതാക്കൾ പരിഗണിക്കുന്നില്ല. |
| English | Learner's haven't acquired the required curriculam objectives. | Serious | Lack of time in implementing creative activities in class rooms.<br>Teachers are compelled to finish immediate tasks. |
| | Lack of real life situation in promoting English as a language for communication. | Serious | Lack of time in framing relevant club activities.<br>Learners consider English only as an academic subject.<br>Lack of learning environment at home. |
| സംസ്കൃതം | സംഭാഷണം നടത്തുന്നതിനും മറ്റ് ആശയവിനിമയത്തിനുള്ള കഴിവില്ലായ്മ<br>വായിക്കുന്നതിനുള്ള അപാകത,<br>പുസ്തക പരിചയക്കുറവ് | ഗുരുതരം | പരസ്പരം ആശയവിനിമയം നടത്താൻ കഴിയാത്തതും രക്ഷിതാക്കളിന്റെ പിന്തുണയില്ലായ്മയും .<br>ഭാഷാപരമായ ശേഷികളിലെ പിന്നോക്കാവസ്ഥ |
| ഹിന്ദി | കേട്ടെഴുതുന്നതിനുള്ള കഴിവ് ഇല്ലാതിരിക്കുക. | ഗുരുതരം | കൂട്ടക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയുന്നതിനുള്ള പ്രയാസം. |
| | സ്വതന്ത്രമായി രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള ശേഷിക്കുറവ്. | ഗുരുതരം | കുട്ടിക്ക് പരസഹായം ഇല്ലാതെ രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയില്ല. |
| ഗണിതം | അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവ് . | തീവ്രതരം | മൂർത്ത വസ്തുക്കളുടെ അഭാവത്തിലുള്ള ഗണിത പാനരീതി. |
| | സംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കാൻ | ഗുരുതരം | ചതുഷ് ക്രിയകൾ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട്<br>സ്ഥാനവില തിരിച്ചറിയാൻ |

| | | | |
|---|---|---|---|
| | കഴിയുന്നില്ല. | | കഴിയാത്തവസ്ഥ<br>ഗുണനപട്ടിക അറിയാത്തത് |
| | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നില്ല. | ഗുരുതരം | ദത്തങ്ങൾ ക്രോഡീകരിക്കാൻ കഴിയാത്തവസ്ഥ. |
| | എല്ലാ കുട്ടികൾക്കും പാഠ്യപാദ്ധ്യതി നിർദേശിച്ച ആശയങ്ങളും ശേഷികളും നേടാൻകഴിയുന്നില്ല. | ഗുരുതരം | കുട്ടികൾക്ക് ഗണിതത്തിനോടുള്ള താല്പര്യകുറവ് .<br>ഓരോ കുട്ടിയും വ്യത്യസ്തരാണ്.<br>വൈവിധ്യമാർന്ന ക്ളാസ്റൂം പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിയുന്നില്ല.<br>സമയക്കുറവ് |
| | കുട്ടികൾക്ക് സ്വയം പ്രശ്നപരിഹരണത്തിന്റെ ഭാഗമായി പരീക്ഷണനിരീക്ഷണങ്ങളി ൽ ഏർപ്പെടാൻ കഴിയുന്നില്ല. | ഗുരുതരം | സാധനസാമഗ്രികളുടെ അഭാവംമൂലം കുട്ടികൾക്ക് പരീക്ഷണങ്ങളിൽ ഏർപ്പെടാൻ കഴിയുഞ്ഞിരുന്നില്ല. |
| ശാസ്ത്രം | ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലെ സൂക്ഷ്മതയില്ലായ്മ. | ഗുരുതരം | ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലെ പരിചയമില്ലായ്മ. |
| | ശാസ്ത്ര മനോഭാവം എല്ലാ കുട്ടികളിലും വികസിക്കുന്നതിൽ പരിമിതിയുണ്ട്. | ഗുരുതരം | ശാസ്ത്രപഠനത്തിന് സഹായമായ ക്ളാസ്സ്റികളുടെ അഭാവം.<br>പ്രാദേശികമായാ ശാസ്ത്രപ്രതിഭകളെയും ശാസ്ത്രപഠനത്തിന്റെ പ്രാദേശിക സാദ്ധ്യതകളും കണ്ടെത്തിയിട്ടില്ല. |
| | പഠനപ്രവർത്തനങ്ങളുടെ ബാഹുല്യം പഠന സമയത്തിന്റെ കുറവ് ഐസിറ്റി അധിഷ്ഠിതവും | ഗുരുതരം | എല്ലാ കുട്ടികളുടെയും നിലവാരം പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ പറ്റുന്നില്ല. |

| | | | |
|---|---|---|---|
| | പ്രക്രിയാബന്ധിതവുമായ ആസൂത്രണത്തിലെ പരിമിതി എന്നിവ പഠനനേട്ടം ഉറപ്പ് വരുത്തുന്നതിൽ തടസ്സമാവുന്നു. | | ഐസിടി അധിഷ്ഠിത പഠനത്തിന് ഉതകാത്ത തരത്തിലുള്ള ക്ലാസ്സ്മുറികൾ. |
| സാമൂഹ്യശാസ്ത്രം | ഗ്ലോബ്, ഭൂപടവായന എന്നിവയിലെ പോരായ്മകൾ | ഗുരുതരം | വീട്ടിൽ ഭൂപടം, ഗ്ലോബ് എന്നിവയുടെ അഭാവം. |
| | ചരിത്രരചന നിർവഹിക്കാൻ കഴിയുന്നില്ല. | ഗുരുതരം | ചരിത്രരചനയുമായി ബന്ധപ്പെട്ടപ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായദത്തങ്ങൾ സ്വയം ശേഖരിക്കാൻ കഴിയാത്തത്. |
| | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കാൻ കഴിയുന്നില്ല. | ഗുരുതരം | സാമൂഹ്യശാസ്ത്രലാബ് സജ്ജീകരിച്ചിട്ടില്ല. |
| | പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിനുള്ള അവസരക്കുറവ്. | ഗുരുതരം | പഠനം നേരിട്ടനുഭവയോഗ്യമാക്കുന്നതിനു ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിക്കുന്നില്ല.<br>സാമൂഹ്യശാസ്ത്ര ക്ലാസ്സുകൾ അധ്യാപക കേന്ദ്രീകൃതമാകുന്നു. |

## ഉപസംഹാരം

സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി, ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് വ്യത്യസ്ഥവും, ഗവേഷണാത്മകവും നൂതനമായ പ്രവർത്തനങ്ങളിലൂടെ തുല്യതയും, നീതിയും ഉറപ്പുവരുത്തി കൂടുതൽ ഉർജ്ജസ്വലരാക്കി മികവിന്റെ പാതയിൽ മുന്നേറാനാകുമെന്ന പ്രതീക്ഷയോടെ ഗവൺമെന്റ് യു.പി.എസ് കോക്കാട്.



# നന്ദി